# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2295 — 01.04.2013-ൽ മറുപടിക്ക്

**അതിക്രമങ്ങൾക്ക് ഇരയായ സ്ത്രീകൾക്ക് നൽകുന്ന സഹായ പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വർക്കല കഹാർ :<br>,, അൻവർ സാദത്ത് :<br>,, ആർ. സെൽവരാജ് :<br>,, എം. പി. വിൻസെന്റ് : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് അതിക്രമങ്ങൾക്ക് ഇരയായ സ്ത്രീകൾക്ക് കൗൺസിലിംങ്ങിനും വൈദ്യ നിയമ സഹായത്തിനും വേണ്ടി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) സംസ്ഥാനത്ത് അതിക്രമങ്ങൾക്ക് ഇരയായ സ്ത്രീകൾക്ക് കൗൺസിലിംങ്ങിനും, വൈദ്യ നിയമ സഹായത്തിനും വേണ്ടി തയ്യാറാക്കിയിട്ടുള്ള പദ്ധതിയാണ് 'ഭൂമിക'. 2009 മുതൽ സംസ്ഥാനത്തെ 14 ജില്ലാ ആശുപത്രികളിലും തിരഞ്ഞെടുത്ത താലൂക്ക് ആശുപത്രികളിലുമായി 'ഭൂമിക' പ്രവർത്തിച്ചുവരുന്നു. |
| (ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.<br>ഭൂമികയിലൂടെ ലഭ്യമാകുന്ന സേവനങ്ങൾ<br>അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് വൈദ്യ സഹായവും, സൗജന്യ കൗൺസിലിംങ്ങും.<br>അതിക്രമത്തിന് ഇരയായി ആശുപത്രിയിൽ വരുന്ന സ്ത്രീകളെ കണ്ടെത്തൽ, ആവശ്യമായ നടപടികൾ സ്വീകരിക്കൽ.<br>അതിക്രമത്തിന് ഇരയായവരെ സഹായിക്കുന്നതിന് മറ്റു വകുപ്പുകളുടെ സഹകരണം ഉറപ്പാക്കൽ.<br>അതിക്രമത്തിന് ഇരയാകുന്നവർക്ക് ആവശ്യമാണെങ്കിൽ സൗജന്യ നിയമസഹായവും, താമസ സൗകര്യവും.<br>കൂടുതൽ വിദഗ്ധ സേവനം ആവശ്യമുള്ളവർക്ക് റഫറൽ സൗകര്യം. |

(....2)

അതിക്രമങ്ങൾ തടയുന്നതിനുള്ള ബോധവത്കരണ ക്ലാസ്സുകളും പരിശീലന പരിപാടികളും സംഘടിപ്പിക്കൽ.

ആരോഗ്യ പ്രവർത്തകർക്കുള്ള പരിശീലന പരിപാടികളിലൂടെ വിവിധ പ്രദേശങ്ങളിൽ നിന്നു മുള്ള അതിക്രമത്തിന് ഇരയായവരെ കണ്ടെത്തി ആവശ്യമായ സേവനം ലഭ്യമാക്കൽ.

പ്രവർത്തനങ്ങളിൽ രഹസ്യസ്വഭാവം ഉണ്ടായിരിക്കൽ.

| | |
|---|---|
| (സി) ഏതെല്ലാം ഏജൻസികളാണ് ഈ പദ്ധതിയുമായി സഹകരിക്കുന്നത് ; വിശദമാക്കുമോ ; | (സി) ആരോഗ്യവകുപ്പും, എൻ.ആർ.എച്ച്.എം-ഉം സംയുക്തമായാണ് പ്രവർത്തിക്കുന്നത്. |
| (ഡി) എവിടെയെല്ലാമാണ് പദ്ധതി നടപ്പാക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | (ഡി) ജനറൽ ആശുപത്രി തിരുവനന്തപുരം, ജില്ലാ ആശുപത്രി കൊല്ലം, ജനറൽ ആശുപത്രി പത്തനംതിട്ട , താലൂക്ക് ആശുപത്രി കരുനാഗപ്പള്ളി, ജനറൽ ആശുപത്രി ആലപ്പുഴ, ജില്ലാ ആശുപത്രി കോട്ടയം, ജില്ലാ ആശുപത്രി ഇടുക്കി, താലൂക്ക് ആശുപത്രി തൊടുപുഴ, ജനറൽ ആശുപത്രി എറണാകുളം, താലൂക്ക് ആശുപത്രി നോർത്ത് പരവൂർ, ജില്ലാ ആശുപത്രി തൃശ്ശൂർ, താലൂക്ക് ആശുപത്രി ചാവക്കാട്, ജില്ലാ ആശുപത്രി പാലക്കാട്, താലൂക്ക് ആശുപത്രി ആലത്തൂർ, ജില്ലാ ആശുപത്രി മഞ്ചേരി, താലൂക്ക് ആശുപത്രി സുൽത്താൻബത്തേരി, ജില്ലാ ആശുപത്രി കോഴിക്കോട്, ജനറൽ ആശുപത്രി വടകര, ജില്ലാ ആശുപത്രി കണ്ണൂർ, ജില്ലാ ആശുപത്രി കാഞ്ഞങ്ങാട്. |

(signature)

സെക്ഷൻ ഓഫീസർ